വാകുമെന്നുമാണ് സർക്കാർ കണക്ക്. എന്നാൽ ഇത്ര അളവ് മണൽ അണക്കെട്ടിൽ നിന്നും ലഭിക്കുകയില്ലെന്നും ഈ സിൽറ്റ് ഗുരുതരമായ പരിസ്ഥിതി പ്രശ്നമുണ്ടാക്കുമെന്നും വർഷങ്ങളായി അടിഞ്ഞുകിടക്കുന്ന ഈ സിൽറ്റ് നീക്കം ചെയ്താൽ അണക്കെട്ടിന് പിളർപ്പിനും ബലക്ഷയത്തിനും കാരണമാകുമെന്നും പരിസ്ഥിതി - ഭൗമ ശാസ്ത്രജ്ഞൻമാർ ആശങ്കപ്പെടുന്നു. അണക്കെട്ട് തകർന്നാൽ പാലക്കാട് പട്ടണവും ഏതാനം പഞ്ചായത്തുകളും വെള്ളത്തിലാകും. സിൽറ്റ് നീക്കുന്നതിന്റെ ഭാഗമായി വെള്ളം കലങ്ങുമെന്നും അത് തെളിയുന്നതിന് ഒരു വർഷമെടുക്കുമെന്നുമാണ് ശാസ്ത്രജ്ഞൻമാരുടെ അഭിപ്രായം. ആഗോള ടെണ്ടർ വിളിച്ചതുമൂലം ബഹുരാഷ്ട്ര കുത്തകകൾ ഉൾപ്പെടെ നിരവധി പേർ മുന്നോട്ട് വന്നിട്ടുള്ളത് സൂചിപ്പിക്കുന്നത് ഇത് മറ്റൊരു കരിമണൽ ഖനനമാകുമെന്നാണ്. അണക്കെട്ടുകളുടെ സംരക്ഷണത്തിന് വേണ്ടി രൂപീകരിട്ടിട്ടുള്ള ഡാം സേഫ്റ്റി അതോറിറ്റിയുടെ അറിവോടെയല്ല ഈ പദ്ധതി എന്നതും ദുരൂഹത സൃഷ്ടിക്കുന്നു. ഇതിൽ യാതൊരു സുതാര്യതയുമില്ലെന്ന ആക്ഷേപവും പരക്കെയുണ്ട്. മാത്രമല്ല, ഇതേവരെ ശാസ്ത്രീയമായ പാരിസ്ഥിതിക ആഘാത പഠനങ്ങളൊന്നും ഈ പദ്ധതിയെപ്പറ്റി നടത്തിയിട്ടില്ല.

# ക്ഷണിച്ചുവരുത്തുന്ന പാരിസ്ഥിതിക ദുരന്തം

ഡോ. കെ. പി ത്രിവിക്രംജി

മലമ്പുഴ അണക്കെട്ട് കമ്മീഷൻ ചെയ്ത് 55 വർഷം കഴിഞ്ഞപ്പോൾ അശാസ്ത്രീയമായ മാർഗ്ഗങ്ങളിലൂടെ അണക്കെട്ടിൽ നിന്നും കെള്ളലാഭമുണ്ടാക്കുന്നതിനുള്ള വസ്തുതകൾ തിരയുകയാണ് അധികൃതർ. ഈ വർഷം ആദ്യം നടന്ന നമ്മുടെ ബജറ്റ് പ്രസംഗത്തിൽ മലമ്പുഴ ഡാമിലെ ചെളികോരി വിറ്റാൽ 400 കോടി രൂപ ലാഭം കിട്ടും എന്നൊരു കണക്ക് പ്രതിപാദിക്കപ്പെട്ടു. ചെളിയിൽ നിന്നും മണൽ വേർപെടുത്തിയെടുത്ത് ആ മണൽ വിറ്റ് കിട്ടുന്ന തുകയാണ് 400 കോടി രൂപ. ലാഭം മാത്രമല്ല ഡാമിന്റെ സംഭരണശേഷി കൂട്ടാൻ കഴിയുമെന്നും അധികൃതർ പറയുന്നുണ്ട്. എന്നാൽ വേണ്ടത്ര വസ്തുതാപരമായി പ്രശ്നങ്ങൾ പഠിക്കാതെയാണ് ഇവർ ഇത്തരം അവകാശ വാദങ്ങൾ നിരത്തുന്നത്. ഈ പറയുന്ന തോതിലുള്ള ചെളിയുണ്ടോ എന്നത് വ്യക്തമല്ല. ചെളിയുണ്ടാകില്ല എന്നതാണ് വസ്തുത. ചെളിപുറത്തേക്കെടുക്കുമ്പോൾ കലങ്ങുന്ന വെള്ളം  വിളനനയ്ക്കുന്നതിനും കുടിക്കുന്നതിനും അപര്യാപ്തമായിമാറും എന്നതാണ് മറ്റൊരു പ്രധാന പ്രശ്നം. മണൽ മാറ്റിയ ശേഷം വരുന്ന ചെളി എന്ത് ചെയ്യും എന്നതിനെക്കുറിച്ചും ഒന്നും വ്യക്തമായി പറയുന്നില്ല. മണലും ചെളിയും കൂടാതെ വൃഷ്ടി പ്രദേശത്ത് നിന്നും ഖര - ലായനി രൂപത്തിൽ പലതരം കെമിക്കൽസും ജലാശയത്തിൽ എത്തിച്ചേരുന്നുണ്ട്. വെള്ളത്തിലൂടെ ആഗിരണം ചെയ്യപ്പെട്ട് ഇവ അടിത്തട്ടിലെ ചെളിയിൽ എത്തപ്പെടുന്നു. ഡാമിൽ നിന്നും ചെളി പുറത്തേക്കെടുക്കുമ്പോൾ ഈ കെമിക്കലുകൾ കാറ്റിലും വെള്ളത്തിലും പടരാൻ കാരണമാകും. ഗുരുതരമായ നിരവധി ആരോഗ്യ പ്രശ്നങ്ങൾക്ക് ഇത് കാരണമാകും. ചെളിയെടുപ്പ് ജലജീവികളുടെ ആവാസവ്യവസ്ഥയെ കീഴ്മേൽ മറിക്കും. സൂര്യപ്രകാശം എത്തുന്ന ആഴം കുറയുകയും ഫുഡ് പിരമിഡിന് നാശം സംഭവിക്കുകയും ചെയ്യുന്നു. മണൽ വേർതിരിച്ചെടുത്ത ശേഷമുള്ള ചെളി എന്താണ് ചെയ്യുന്നത് എന്ന് വ്യക്തമല്ല. ചെളി തിരിച്ച് ജലാശയത്തിലേക്ക് ഒഴുക്കി വിടാൻ സാധിക്കില്ല. ചെളിയിൽ നിന്നും മണൽ വേർതിരിക്കാനും ധാരാളം ജലം ആവശ്യമാണ്. കുടിവെള്ളം പോലും ദുർലഭമായ പ്രദേശത്ത് ചെളിയിൽ നിന്നും മണൽ വേർ തിരിക്കാൻ ആവശ്യമായ ജലം എവിടെ നിന്നാണ് കിട്ടുന്നത്? ബാക്കിവരുന്ന ചെളി തുറസ്സായ സ്ഥലത്ത് വച്ചു എന്ന് തന്നെ കരുതുക. എന്റെ അനുമാനത്തിൽ 8 നിലക്കെട്ടിടത്തിന്റെ ഉയരത്തിൽ  ചെളി ഉണ്ടാകാനാണ് സാധ്യത. എന്നാൽ തുറസ്സായ സ്ഥലത്ത് ചെളി ശേഖരിച്ച് വച്ചാൽ അതിൽ അവശേഷിക്കുന്ന കെമിക്കലുകൾ മഴക്കാലത്ത് വെള്ളത്തിൽ കലർന്ന് ഉപരിതല ഭൂഗർഭ ജല സ്രോതസുമായി ചേരാണ് സാധ്യത. ഇതും അനവധി ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകും. അതിനാൽ ഈ പദ്ധതി നടപ്പാക്കുന്നതിന് മുൻപ് വിശദമായ ശാസ്ത്രീയ പഠനം ഉറപ്പായും നടത്തേണ്ടതുണ്ട്.

## ദേശീയ തൊഴിലുറപ്പ് പദ്ധതി: കർണ്ണാടക മാതൃകയാകുന്നു

കർണ്ണാടക സർക്കാർ ദേശീയ തൊഴിലുറപ്പ് പദ്ധതി പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാൻ തീരുമാനിച്ചുകൊണ്ട് മാതൃകയായിരിക്കുന്നു. പദ്ധതിയുടെ ഭാഗമായി ഒരു കോടി തദ്ദേശീയ വൃക്ഷതൈകൾ വച്ച് പിടിപ്പിക്കാനാണ് പരിപാടി. ആനകളെയും തടാകങ്ങളെയും സംരക്ഷിക്കുന്നതിനും പദ്ധതികളും ഉദ്ദേശിക്കുന്നുണ്ട്. നമ്മുടെ നാട്ടിൽ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി പരിസര ശുചീകരണമെന്ന പേരിൽ കാടു വെട്ടുകയും പുഴയുടെ വീതികൂട്ടാനെന്ന പേരിൽ തോടരികിലെ കൈതകൾ വെട്ടി നീക്കുകയും ചെയ്ത് പരിസ്ഥിതി നശിപ്പിക്കുമ്പോഴാണ് വനവത്കരണം പോലെയുള്ള പരിപാടികളുമായി കർണ്ണാടക മാതൃകയാകുന്നത്.